# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4127 - 16/12/2014 - ലെ മറുപടിക്ക്

## കേന്ദ്ര വിഹിതം ലഭിക്കുന്നതിനുള്ള വിശദാംശങ്ങൾ സമർപ്പിക്കുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.സി.രവീന്ദ്രനാഥ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അതത് വർഷത്തെ പദ്ധതി ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ കേന്ദ്ര സർക്കാരിന് സമർപ്പിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിന് സാധിക്കാറുണ്ടോ; | സാധിക്കാറുണ്ട്. |
| (ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല. |
| (സി) ഇത്തരത്തിൽ വിശദാംശങ്ങൾ സമയബന്ധിതമായി സമർപ്പിക്കാത്തതു കാരണം കേന്ദ്രവിഹിതം ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | |
| (ഡി) കേന്ദ്രത്തിൽ നിന്നും അർഹമായ വിഹിതം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പോലും സർക്കാർ ജാഗ്രത പാലിക്കുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ? | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഭൂരി ഭാഗവും റീഇംബേഴ്സ്മെന്റ് അടിസ്ഥാന ത്തിലാണ്. പദ്ധതികൾ നടപ്പിലാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരി ക്കുകയാണ്. കേന്ദ്രവിഹിതം യഥാസമയം നേടിയെടുക്കുന്നതിന് എല്ലാ വർഷവും ആഗസ്റ്റ് മാസം 31 -ാം തീയതിക്ക് മുൻപായി ഒത്തു നോക്കിയ 'സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ' (SoE) അക്കൗണ്ടന്റ് |

| | |
|---|---|
| | ജനറലിന് ലഭ്യമാക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസം തോറും പദ്ധതിഅവലോകന യോഗങ്ങൾ കൂടുകയും പദ്ധതി ചെലവുകൾ ത്വരിതപ്പെടുത്തുന്നതിനും അർഹമായ കേന്ദ്രവിഹിതം യഥാസമയം നേടിയെടുക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പ് തലവൻമാർക്ക് നല്കുകയും ചെയ്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**